## പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2064 — 12.02.2013-ൽ മറുപടിയ്ക്ക്.

## പരിസ്ഥിതി ലോലമേഖല

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.കെ. രാജു<br>ശ്രീ.കെ. അജിത് | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ വന്യ ജീവി സങ്കേതങ്ങൾ, ദേശീയ ഉദ്യാനങ്ങൾ എന്നിവ ഏതൊക്കെ ജില്ലകളിൽ സ്ഥിതി ചെയ്യുന്നു; | (എ) കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, എറണാകുളം, ഇടുക്കി, കോട്ടയം, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം. |
| (ബി) ഇവയുടെ എത്ര ചുറ്റളവിൽ പരിസ്ഥിതി ലോല പ്രദേശമായി പ്രഖ്യാപിക്കണമെന്ന് കേന്ദ്രം നിർദ്ദേശിച്ചിട്ടുണ്ട്; ഓരോന്നിന്റെയും വിസ്തീർണ്ണം എത്ര വീതം വേണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) പൊതുവായി 10 കി.മീ. ചുറ്റളവ് എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും സംരക്ഷിത പ്രദേശങ്ങളുടെ പ്രത്യേകത അനുസരിച്ച് ഈ ദൂര പരിധിയിൽ ഏറ്റക്കുറച്ചിലുകൾ വരുത്താവുന്നതാണ്. ഓരോ പാരിസ്ഥിതിക സംവേദക മേഖലയ്ക്കും എത്ര വിസ്തീർണ്ണം വേണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടില്ല. |
| (സി) ഈ വിഷയത്തിൽ നാളിതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാം; | (സി) ഇക്കാര്യത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. കേന്ദ്രസർക്കാരിന്റെ പാരിസ്ഥിതിക സംവേദക മേഖലകൾ രൂപീകരിക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശമനുസരിച്ചുള്ള കമ്മിറ്റികൾ രൂപീകരിച്ചു.<br>2. സംസ്ഥാന വന്യജീവി ബോർഡിന്റെ ഉപസമിതികൾ രൂപീകരിച്ച് ജനപ്രതിനിധികളുമായി ആശയ വിനിമയം നടത്തി അഭിപ്രായ സമവായത്തിലെത്തുവാനുള്ള നടപടികൾ സ്വീകരിച്ചു.<br>3. ബന്ധപ്പെട്ട എല്ലാ വകുപ്പുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും പാരിസ്ഥിതിക സംവേദക മേഖലകൾ സംബന്ധിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞു. |

| | |
|---|---|
| | 4. കമ്മിറ്റിയുടെ കൂട്ടായ യോഗങ്ങളിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ പാരിസ്ഥിതിക സംവേദക മേഖലകൾ രൂപീകരിക്കുന്നതിനുള്ള ശുപാർശകൾ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചു. |
| (ഡി) പരിസ്ഥിതി ലോല മേഖലയായി പ്രഖ്യാപിക്കേണ്ടിവന്നാൽ സംസ്ഥാനത്തിനുണ്ടാകുന്ന റവന്യൂ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; | (ഡി) സംസ്ഥാനത്ത് റവന്യൂ നഷ്ടം ഉണ്ടാകുമെന്ന് കരുതുന്നില്ല. |
| (ഇ) പരിസ്ഥിതി ലോല മേഖലയിൽ എന്തൊക്കെ നിയന്ത്രണങ്ങൾ കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (ഇ) ഈ കാര്യത്തിൽ അന്തിമ തീരുമാനം ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ.